"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസം - കൊല്ലം തച്ചോണം എൽ.പി.എസ്. മാനേജർ സമർപ്പിച്ച പുനഃ പരിശോധന ഹർജി തീർപ്പാക്കി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.6090/2022/GEDN തീയതി,തിരുവനന്തപുരം, 23-10-2022

പരാമർശം:- 1. 28.12.2019-ലെ സ.ഉ.(സാധാ) നമ്പർ 5691/2019/GEdn

2. 7.1.2022-ലെ സ.ഉ.(സാധാ)നമ്പർ 159/2022/GEdn

3. കൊല്ലം തച്ചോണം എൽ.പി.എസ് മാനേജർ സമർപ്പിച്ച 1.2.2022-ലെ റിവ്യൂ ഹർജി

ഉത്തരവ്

കൊല്ലം തച്ചോണം എൽ.പി.എസ്.ലെ എൽ.പി.എസ്.ടി. ശ്രീമതി ദീപാറാണി എം. ഫയൽ ചെയ്ത WP(C) No.2300/2020 കേസിന്റെ 11.8.2021-ലെ വിധിന്യായം നടപ്പിലാക്കി സർക്കാർ പുറപ്പെടുവിച്ച 7.1.2022-ലെ GO(Rt)No. 159/2022/GEdn പ്രകാരം ഹർജിക്കാരിയായ ശ്രീമതി. ദീപാറാണി എം., ഏഴാം എതിർകക്ഷി ശ്രീ. ജയ്ജിത് ജെ.പി. എന്നിവരുടെ 01/06/2016 മുതലുള്ള നിയമനങ്ങൾ മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ 06/02/2021-ലെ ജി.ഒ(പി) 04/2021/പൊ.വി.വ.-ലെയും അനുബന്ധ ഉത്തരവുകളിലെയും വ്യവസ്ഥകൾ പാലിച്ചുകൊണ്ട് ഒഴിവു നിലനിൽക്കുന്നുവരെ തുടർച്ചയായി അംഗീകരിക്കുന്നതിനും, അവർ ജോലിയെടുക്കാതെ പുറത്തുനിന്ന കാലയളവ് അർഹതപ്പെട്ട അവധിയായോ ശൂന്യവേതന അവധിയായോ ക്രമവൽക്കരിക്കുന്നതിനുമുള്ള നിർദ്ദേശം ചടയമംഗലം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്കു നൽകിയിരുന്നു.

2) തുടർന്ന്, സമാന വിഷയത്തിൽ സർക്കാർ പുറപ്പെടുവിച്ച 28.12.2019-ലെ സ.ഉ.(സാധാ)നം.5691/2019/GEdn-ലെ കണ്ടെത്തലുകളെ കോടതിയോ 7.1.2022-ലെ GO(Rt)No.159/2022/GEdn-ലോ തെറ്റാണെന്നു സ്ഥാപിച്ചിട്ടില്ലാത്ത സാഹചര്യത്തിലും, ശ്രീമതി. ദീപാറാണി എം.നെതിരായ വാദമുഖങ്ങൾ ഈ രണ്ടു ഉത്തരവിലും അംഗീകരിച്ച ശേഷം ശ്രീമതി. ദീപാറാണി എം.ന് അനുകൂലമായി നിയമനാംഗീകാരം നൽകുവാൻ നിർദ്ദേശിക്കുന്ന വൈരുദ്ധ്യാത്മകത പുനഃപരിശോധിച്ചുകൊണ്ടു 7.1.2022-ലെ ഉത്തരവിലൂടെ നൽകിയ പ്രസ്തുത നിർദ്ദേശം പിൻവലിക്കണമെന്നും, ശ്രീ. ജയ്ജിത് ജെ.പി.യുടെ 01/06/2016 മുതലുള്ള നിയമനം അംഗീകരിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് മാനേജർ സർക്കാർ മുൻപാകെ റിവ്യൂ ഹർജി

സമർപ്പിക്കുകയുണ്ടായി .

3) സർ ക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പുതുതായി ആരംഭിച്ച സ്കൂൾ ഗണത്തിലുൾപ്പെടുന്ന എയ്ഡഡ് വിദ്യാലയമാണ് തച്ചോണം എൽ.പി.സ്കൂൾ. 01/06/2016 തീയതി മുതൽ ടി സ്കൂളിലുണ്ടായിട്ടുള്ള സ്ഥാനക്കയറ്റ നിയമന ഒഴിവിലേയ്ക്ക്, 01/06/2016 മുതൽ ശ്രീമതി. ദീപാറാണി.എം നെയും 01/06/2016 മുതലുണ്ടായ വിരമിക്കൽ ഒഴിവിലേയ്ക്ക്, 01/06/2016 തീയതി മുതൽ ശ്രീ. ജയ്ജിത് ജെ.പി.യെയും നിയമിക്കുകയാണുണ്ടായത്. 03/12/2016-ലെ ജി.ഒ.(പി) നം.199/2016/പൊ.വി.വ. പ്രകാരം ഭേദഗതി വരുത്തിയ കെ.ഇ.ആർ. അദ്ധ്യായം XXI ചട്ടം 7 (3) അനുസരിച്ച് പുതുതായി ആരംഭിച്ച സ്കൂളുകളിലെ എല്ലാ ഒഴിവുകളും ചട്ടപ്രകാരമുള്ള അവകാശികളുടെ അഭാവത്തിൽ സംരക്ഷിതാധ്യാപകരെ കൊണ്ട് നികത്തണമെന്ന് വ്യവസ്ഥ ചെയ്തിരുന്നു. അതിനാലാണ് ഇവരുടെ നേരിട്ടുള്ള നിയമനങ്ങൾ അന്നു നിലനിന്ന ഉത്തരവുകളനുസരിച്ച് അംഗീകരിക്കപ്പെടാതിരുന്നത്. കാലക്രമത്തിൽ, 28/02/2019-ലെ ജി.ഒ(പി) നം. 03/2019/പൊ.വി.വ. പ്രകാരം കെ.ഇ.ആർ. അദ്ധ്യായം XXI ചട്ടം 7 (3) വീണ്ടും ഭേദഗതി ചെയ്യുകയും പുതുതായി ആരംഭിച്ച സ്കൂളുകളിലെ ഒരു റഗുലർ ഒഴിവ് സംരക്ഷിതാധ്യാപകരെ കൊണ്ട് നികത്തേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുകയുമുണ്ടായി. നിയമനാംഗീകാരമില്ലാതെ തുടരുന്ന രണ്ട് അധ്യാപകർക്കിടയിൽ സീനിയോറിറ്റി തർക്കമുണ്ടായാൽ ആയതു പരിഹരിക്കുന്നതിന് കെ.ഇ.ആർ-ലോ മറ്റു സർക്കാർ ഉത്തരവിലോ വ്യവസ്ഥ ചെയ്തിട്ടില്ല എന്നതിനാലും, കെ.ഇ.ആർ. അധ്യായം 14 A ചട്ടം 1 -ലെ നിർദ്ദേശ പ്രകാരം, സർക്കാർ നിർദ്ദേശമനുസരിച്ചു സ്കൂളിലുണ്ടാകുന്ന ഒഴിവുകൾ നികത്തുവാൻ നിഷ്കർഷിക്കുന്നതല്ലാതെ പുതിയ നിയമനമായി ഒരു പ്രത്യേക വ്യക്തിയെ നിയമിക്കണമെന്ന് മാനേജരോട് ആവശ്യപ്പെടാൻ വ്യവസ്ഥയില്ല എന്നതിനാലും ആണ് നിയമനാംഗീകാരം ആവശ്യപ്പെട്ടുകൊണ്ട് ശ്രീമതി ദീപാറാണി എം. സമർപ്പിച്ച ഹർജി നിരസിച്ചുകൊണ്ട് 28.12.2019-ലെ സ.ഉ.(സാധാ)നം. 5691/2019/GEdn പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചത്. പിന്നീട്, 28.12.2019-ലെ ഉത്തരവ് ശ്രീമതി ദീപാറാണി എം. ഫയൽ ചെയ്ത WP(C)No.2300/2020 കേസിന്റെ 11.8.2021-ലെ വിധിന്യായത്തിലൂടെ കോടതി അസ്ഥിരപ്പെടുത്തുകയും ചെയ്തു. 28.12.2019-ലെ ഉത്തരവ് പുറപ്പെടുവിച്ച ശേഷമാണ്, 2016-17 മുതൽ 2019-20 വരെ സംരക്ഷിതാധ്യാപകരെ കൊണ്ട് നികത്തേണ്ടതായ ഒഴിവുകൾ അന്യഥാ നികത്തിയ കേസുകൾ ചില വ്യവസ്ഥകൾക്കു വിധേയമായി അംഗീകരിക്കുന്നതിനുള്ള നിർദ്ദേശം 06/02/2021-ലെ ജി.ഒ.(പി) നം.04/2021/ പൊ.വി.വ. പ്രകാരം പുറപ്പെടുവിച്ചത് . കൂടാതെ 2016-17 മുതൽ ഉള്ള വർഷങ്ങളിൽ സ്കൂളിൽ അനുവദിച്ച എൽ.പി.എസ്.റ്റി തസ്തികകൾ പ്രകാരം ശ്രീമതി. ദീപാറാണി എം., ശ്രീ.ജയ്ജിത് ജെ.പി. എന്നിവരെ ഉൾക്കൊള്ളാനാവശ്യമായ തസ്തികകൾ നിലനിൽക്കുന്നതായി വിദ്യാഭ്യാസ ഓഫീസറുടെ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളതിനാൽ, രണ്ട് അദ്ധ്യാപക ഒഴിവുകൾ വ്യവസ്ഥാപിതമായുണ്ടെന്ന് സർക്കാർ കണ്ടെത്തുകയും ചെയ്തു. ആയതിനാലാണ് 06/02/2021-ലെ ജി.ഒ.(പി) നം.04/2021/പൊ.വി.വ.-ലെയും അനുബന്ധ ഉത്തരവുകളിലെയും വ്യവസ്ഥകൾ പാലിച്ചുകൊണ്ട് ശ്രീമതി. ദീപാറാണി എം., ശ്രീ. ജയ്ജിത് ജെ.പി. എന്നിവരുടെ 01/06/2016 മുതലുള്ള നിയമനങ്ങൾ മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ, ഒഴിവു നിലനില്ക്കുന്നുവരെ തുടർച്ചയായി അംഗീകരിക്കുന്നതിനുള്ള നിർദ്ദേശം

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്കു നല്കിക്കൊണ്ട് 7.1.2022-ലെ GO(Rt)No.159/2022/GEdn പുറപ്പെടുവിച്ചിട്ടുള്ളത് . സർക്കാർ ഉത്തരവുകൾ പുറപ്പെടുവിക്കുന്നത്, പ്രസ്തുത കാലയളവിൽ നിലനിൽക്കുന്ന ഉത്തരവുകളും വ്യവസ്ഥകളും അനുസരിച്ചായതിനാലും, 28.12.2019-ലെ സ.ഉ.(സാധാ)നം.5691/2019/GEdn പുറപ്പെടുവിച്ച ശേഷം, ഈ വിഷയത്തിൽ സർക്കാർ പുറപ്പെടുവിച്ച 06/02/2021-ലെ ജി.ഒ.(പി)നം.04/2021/പൊ.വി.വ. ഉൾപ്പെടെയുള്ള മറ്റു നിർദ്ദേശങ്ങളും, 7.1.2022-ലെ GO(Rt)No.159/2022/GEdn പുറപ്പെടുവിക്കുമ്പോൾ പരിഗണിച്ചിട്ടുള്ള സാഹചര്യത്തിലും, 28.12.2019-ലെ സ.ഉ.(സാധാ)നം.5691/2019/GEdn, 7.1.2022-ലെ GO(Rt)No.159/2022/GEdn എന്നീ ഉത്തരവുകളിൽ വൈരുധ്യമുണ്ടെന്ന റിവ്യൂ ഹർജിയിലെ വാദം നിലനിൽക്കുന്നതല്ല. ശ്രീമതി. ദീപാറാണി എം. 01/06/2016 തീയതി മുതൽ 31/05/2019 വരെയും, ശ്രീ.ജയ്ജിത് ജെ.പി. 01/06/2016 തീയതി മുതൽ 31/05/2020 വരെയും ടി സ്കൂളിൽ സേവനത്തിൽ തുടർന്നു വന്നിരുന്നു എന്നും, രണ്ട് ജീവനക്കാരും നിലവിൽ സ്കൂളിൽ സേവനമനുഷ്ഠിക്കുന്നില്ല എന്നും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് നൽകിയിട്ടുള്ളതിനാലും, നിയമനങ്ങൾ വ്യവസ്ഥാപിത തസ്തികയിൽ ആയിരുന്ന സാഹചര്യത്തിലും, മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ, പ്രസ്തുത കാലയളവിലെ ശമ്പളത്തിന് അവർക്ക് അർഹതയുണ്ടെന്നും കാണുന്നു. കൂടാതെ, ശ്രീമതി. ദീപാറാണി എം., ശ്രീ.ജയ്ജിത് ജെ.പി., മാനേജർ എന്നിവരെയും മറ്റു ബന്ധപ്പെട്ട കക്ഷികളെയും നേരിൽ കേട്ടതിന്റെ കൂടി അടിസ്ഥാനത്തിൽ വിഷയം വിശദമായി പരിശോധിച്ചാണ് സർക്കാർ 7.1.2022-ലെ GO(Rt)No.159/2022/GEdn പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത് .

4) ഈ സാഹചര്യത്തിൽ ശ്രീമതി. ദീപാറാണി എം.ന്റെ നിയമനം അംഗീകരിക്കാനുള്ള നിർദ്ദേശം പിൻവലിക്കണമെന്നും, ശ്രീ. ജയ്ജിത് ജെ.പി.യുടെ 01/06/2016 മുതലുള്ള നിയമനം മാത്രം അംഗീകരിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് മാനേജർ സമർപ്പിച്ച പരാമർശം (3) റിവ്യൂ ഹർജി നിരസിച്ചുകൊണ്ട് പരാമർശം (2) ഉത്തരവ് നിലനിർത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മീനാംബിക എം.ഐ
ജോയിന്റ് സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പുനലൂർ , കൊല്ലം

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ചടയമംഗലം, കൊല്ലം

മാനേജർ, എൽ.പി.എസ്.,തച്ചോണം, വട്ടത്താമര പി.ഒ., ചടയമംഗലം, കൊല്ലം

ശ്രീമതി ദീപ റാണി എം., ദീപ മൻസിൽ, കോട്ടുക്കൽ, കോട്ടുക്കൽ പി.ഒ., അഞ്ചൽ, കൊല്ലം

ശ്രീ ജയ്ജിത്, S/o ജയപ്രകാശ്, ഗോഡ്‌ലി നിവാസ്, കുറ്റിക്കാട് പി.ഒ., കടക്കൽ , കൊല്ലം

സ.ഉ.(സാധാ) നം.6090/2022/GEDN

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Shahna Kumari S L
Date: 25-10-2022 14:09:38

സെക്ഷൻ ഓഫീസർ